## ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ
## സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം

വിഷയം:- ആ.വ.ഡ. - ജീവനക്കാര്യം - ആരോഗ്യവകുപ്പിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികകൾ മാറ്റി സ്ഥാപിച്ച് നിയമനം നടത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം:- 1. സ.ഉ. (സാധാ) നം. 1007/2020/ആ.കു.വ., തീയതി: 02/06/2020
2. പി.എൽ.എ.1-8200/18/ആ.വ.ഡ., തീയതി: 20/06/2018, 13/12/2018.

## ഉത്തരവ് നം. ഇ.ഡി.4-13/2020/ആ.വ.ഡ, തീയതി: 18/06/2021.

ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽ 11 കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികകളും, ജില്ലകളിൽ എല്ലാം കൂടി 14 തസ്തികകളും ഉൾപ്പെടെ ആരോഗ്യവകുപ്പിൽ മൊത്തം 25 കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികകളാണ് നിലിവിലുള്ളത്. പത്തനംതിട്ട, കോഴിക്കോട്, കണ്ണൂർ, കാസറഗോഡ് എന്നീ ജില്ലാ മെഡിക്കൽ ഓഫീസുകളിൽ ഒഴികെ മറ്റ് ജില്ലാ മെഡിക്കൽ ഓഫീസുകളിലൊന്നും തന്നെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തിക നിലവിലില്ലാത്തതിനാലും ജില്ലാ മെഡിക്കൽ ഓഫീസർമാരുടെ ജോലി ഭാരം ലഘൂകരിച്ച് പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ഇവർക്ക് കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരുടെ സേവനം ഉറപ്പ് വരുത്തേണ്ടതുള്ളതിനാലും കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരുടെ തസ്തിക നിലവിലില്ലാത്ത ജില്ലാ മെഡിക്കൽ ഓഫീസുകളിലേയ്ക്ക് മററ് സ്ഥാപനങ്ങളിൽ നിന്നും ടി തസ്തിക മാറ്റി സ്ഥാപിക്കുന്നതിനും, കൂടാതെ മൂന്നു കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരുടെ അധിക തസ്തിക സൃഷ്ടിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് പരാമർശം (2) പ്രകാരം സർക്കാരിലേയ്ക്ക് പ്രൊപ്പോസൽ സമർപ്പിക്കുകയുണ്ടായി. സർക്കാർ ഈ വിഷയം വിശദമായി പരിശോധിയ്ക്കുകയും സംസ്ഥാനത്ത് അടിക്കടിയുണ്ടാകുന്ന പ്രകൃതി ദുരന്തങ്ങൾ, പകർച്ച് വ്യാധികളുടെ വ്യാപനം തടയൽ തുടങ്ങി പൊതു ജനാരോഗ്യ മേഖലയിൽ സംസ്ഥാനം നേരിടുന്ന കാതലായ പ്രശ്നങ്ങളിൽ നേരിട്ടിടപെടുന്ന ജില്ലാ മെഡിക്കൽ ഓഫീസർമാരുടെ ജോലിഭാരം കണക്കിലെടുത്ത് അവർക്ക് കോൺഫിഡൻഷ്യൽ അസിസ്റ്റന്റിന്റെ സേവനം അനുവദിച്ച് നൽകേണ്ടത് വളരെ അത്യാവശ്യമാണെന്ന് സർക്കാർ മനസ്സിലാക്കുകയും എന്നാൽ സംസ്ഥാനത്തിന്റെ ധനസ്ഥിതി പരിഗണിച്ച് അധിക തസ്തിക സൃഷ്ടിക്കൽ നിലവിൽ സാധ്യമല്ല എന്ന് സർക്കാർ അറിയിക്കുകയും ചെയ്തു.

കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തിക മാറ്റി സ്ഥാപിക്കുന്നതുവഴി ജില്ലാ മെഡിക്കൽ ഓഫീസർമാരുടെ ജോലി ഭാരം ലഘൂകരിക്കുവാനും മെച്ചപ്പെട്ട സേവനം കാഴ്ചവെക്കുവാനും സാധിക്കും എന്നതിനാൽ ആരോഗ്യവകുപ്പിന് കീഴിലുള്ള കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികകൾ ചുവടെ ചേർത്തിരിക്കുന്ന പട്ടിക പ്രകാരം മാറ്റി സ്ഥാപിക്കുന്നതിനോടൊപ്പം ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ 11 കോൺഫിഡൻഷ്യൽ തസ്തികകളിൽ 3 എണ്ണം കോട്ടയം, ഇടുക്കി, മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസുകളിലേയ്ക്ക് അടിയന്തിരമായി മാറ്റി സ്ഥാപിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നു.

| തസ്തിക നിലവിലുള്ള സ്ഥാപനം | തസ്തിക മാറ്റി സ്ഥാപിക്കേണ്ട ജില്ലാ മെഡിക്കൽ ഓഫീസ് |
|---|---|
| ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം | ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം), കോട്ടയം |
| ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം | ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം), ഇടുക്കി |
| ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം | ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം), മലപ്പുറം |
| മാനസികാരോഗ്യ കേന്ദ്രം, പേരൂർക്കട, തിരുവനന്തപുരം | ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം), തിരുവനന്തപുരം |
| ഗവ. വിക്ടോറിയ ആശുപത്രി, കൊല്ലം | ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം), കൊല്ലം |
| സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി, ആലപ്പുഴ | ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം), ആലപ്പുഴ |
| ജനറൽ ആശുപത്രി, എറണാകുളം | ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം), എറണാകുളം |
| ജനറൽ ആശുപത്രി, തൃശ്ശൂർ | ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം), തൃശ്ശൂർ |
| സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രി പാലക്കാട് | ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം), പാലക്കാട് |
| ജനറൽ ആശുപത്രി, ഇരിങ്ങാലക്കുട, തൃശ്ശൂർ | ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം), വയനാട് |

മേൽ സൂചിപ്പിച്ചത് പ്രകാരം ആരോഗ്യവകുപ്പിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികകൾ ജില്ലാ മെഡിക്കൽ ഓഫീസുകളിലേയ്ക്ക് മാറ്റി സ്ഥാപിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.. ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർ ടി ഉത്തരവ് അടിയന്തിരമായി നടപ്പിൽ വരുത്തേണ്ടതാണ്. തസ്തികമാറ്റി സ്ഥാപിച്ച ജില്ലാ മെഡിക്കൽ ഓഫീസുകളിൽ ചുവടെ പറയും പ്രകാരം ജീവനക്കാരെ നിയമിച്ച് ഉത്തരവാകുന്നു.

| ക്രമ നം. | പേര്, നിലവിലെ സ്ഥാപനം | നിയമിക്കുന്ന സ്ഥാപനം | റിമാർക്സ് |
|---|---|---|---|
| 1. | ശ്രീമതി സുചിത്ര കുമാരി കെ. എൽ.<br>ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം | ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം), ഇടുക്കി | |
| 2. | ശ്രീ. സുബീഷ് പി.<br>ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം | ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം), മലപ്പുറം | |
| 3. | ശ്രീമതി മഞ്ജു സി. കെ. | ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം), കോട്ടയം | പി.എസ്.സി. നിയമന ശുപാർശ അനുസരിച്ച് നിയമന ഉത്തരവ് നൽകിയിട്ടുണ്ട്. ജോലിയിൽ പ്രവേശിക്കുന്ന മുറയ്ക്ക് ടി ഓഫീസിൽ നിയമിക്കുന്നതാണ്. |
| 4. | ശ്രീമതി റഹ്സിയ റ്റി. പി.<br>ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം | ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം), കോഴിക്കോട് | അന്യത്ര സേവനം അവസാനിക്കുന്ന മുറയ്ക്ക് ജോലിയിൽ പ്രവേശിക്കേണ്ടതാണ്. |
| 5. | ശ്രീമതി രമ്യാ രശ്മി<br>ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം), കോഴിക്കോട് | ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം), വയനാട് | |

സ്ഥലംമാറ്റം നൽകി നിയമിക്കുന്ന ജീവനക്കാർ അടിയന്തിരമായി ജോലിയിൽ പ്രവേശിക്കേണ്ടതാണ് ടി ജീവനക്കാരെ വിടുതൽ ചെയ്യേണ്ടതും ജോലിയിൽ പ്രവേശിക്കേണ്ടതും പ്രസ്തുത വിവരം ഈ ഓഫീസിൽ അറിയിക്കേണ്ടതുമാണ്.

(ഒപ്പ്)
ബീന വൈ. ബി.
**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

പകർപ്പ്:-
1. സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ സി.എ.
2. ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർ (ആരോഗ്യം)
3. ബന്ധപ്പെട്ട സ്ഥാപന മേധാവികൾ
4. ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ് സൈറ്റ്
5. ഫയൽ/കരുതൽ ഫയൽ

//അംഗീകാരത്തോടെ//

സൂപ്രണ്ട്

ജിആർആർ-18/06